ടെലിഫോൺ നമ്പർ : 0471-2512568, 2512286
ഫാക്സ് : 0471-2305891
പിൻ കോഡ് : 695 033

ഇ-മെയിൽ : secretary@niyamasabha.nic.in
sabhatv@niyamasabha.nic.in
sabhatvmarketing@gmail.com

# കേരള നിയമസഭ

**നം.4040/സഭാടിവി3/2020/നി.സെ.**

**തിരുവനന്തപുരം**
**03.11.2020**

## പത്രക്കുറിപ്പ്

നിയമസഭാ സെക്രട്ടേറിയറ്റിൽ കരാർ അടിസ്ഥാനത്തിൽ താത്ക്കാലികമായി സഭാ ടി.വി.യിൽ റിസർച്ച് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനായി ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും കല, സാഹിത്യം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ എം.ഫിൽ അഥവാ പി.എച്ച്.ഡി.ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യമുള്ളവും 25 നും 45 നും ഇടയിൽ പ്രായമുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിശദമായ ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതമുള്ള അപേക്ഷകൾ നിയമസഭാ സെക്രട്ടറി, നിയമസഭാ സമുച്ചയം, വികാസ് ഭവൻ.പി.ഒ എന്ന വിലാസത്തിൽ നേരിട്ടോ തപാലിലോ, ഇ-മെയിൽ (**sabhatv@niyamasabha.nic.in**) മുഖാന്തിരമോ 09.11.2020 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. അപേക്ഷയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **www.niyamasabha.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**സെക്രട്ടറി**
**കേരള നിയമസഭ**

## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

### റിസർച്ച് അസിസ്റ്റന്റുമാരുടെ നിയമനം : അപേക്ഷ ക്ഷണിക്കുന്നു.

സഭാ ടി.വി.യുടെ പ്രവർത്തനങ്ങൾക്കായി റിസർച്ച് അസിസ്റ്റന്റായി കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതയുള്ള 25 നും 45 നും ഇടയിൽ പ്രായമുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

### യോഗ്യത

അപേക്ഷകർ ഇന്ത്യയിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും കലാ/സാഹിത്യ/സാമൂഹ്യശാസ്ത്ര വിഷയത്തിൽ എം.ഫിൽ അഥവാ പി.എച്ച്.ഡി. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ പ്രാവീണ്യവും കേരളത്തിലെ സ്ഥിരതാമസക്കാരുമായിരിക്കണം.

### ജോലികൾ / ചുമതലകൾ

സഭാ ടി.വി. യിൽ അവതരിപ്പിക്കുന്ന പരിപാടികൾക്കാവശ്യമായ ഗവേഷണ സഹായം, ആർക്കൈവ്സ് തയ്യാറാക്കൽ തുടങ്ങിയവ.

### വേതനം / കാലാവധി

നിയമന തീയതി മുതൽ ആറ് മാസത്തെ കാലയളവിലായിരിക്കും നിയമനം നിയമസഭാ സെക്രട്ടേറിയറ്റിനു ആവശ്യമുള്ള പക്ഷം കാലാവധി ദീർഘിപ്പിക്കുന്നതാണ്. പ്രതിമാസം Rs.40,000/- സമാഹൃത വേതനമാണ് തെരഞ്ഞെടുക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ളത്.

### നിയമന രീതി

വിശദമായ ബയോഡേറ്റ, സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതമുള്ള അപേക്ഷകൾ നിയമസഭാ സെക്രട്ടറി, നിയമസഭാ സമുച്ചയം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ ഇ-മെയിൽ (sabhatv@niyamasabha.nic.in) മുഖാന്തിരമോ 09.11.2020 – നു വൈകുന്നേരം 5 മണിക്കു മുൻപായി ലഭ്യമാക്കേണ്ടതാണ്. ഇ-മെയിൽ വഴി അപേക്ഷിക്കുന്നവർ ബയോഡേറ്റ, സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സ്കാൻ ചെയ്ത് അയയ്ക്കേണ്ടതാണ്. തപാൽ മുഖേനയുള്ള അപേക്ഷകളിൽ കവറിനു പുറത്ത് ' റിസർച്ച് അസിസ്റ്റന്റ് നിയമനത്തിനുള്ള അപേക്ഷ' എന്ന രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും

തെരഞ്ഞെടുപ്പ്. ബയോഡേറ്റയിൽ ആവശ്യപ്പെട്ടിട്ടുള്ള യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്. ബയോഡേറ്റയിൽ നിർബന്ധമായും അപേക്ഷകരുടെ ഇ-മെയിൽ വിലാസം രേഖപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകളിൽ ഇ-മെയിൽ വിലാസം രേഖപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകൾ ഇ-മെയിൽ വഴി മാത്രമായിരിക്കും.

റിസർച്ച് അസിസ്റ്റന്റിന്റെ നിയമനവുമായി ബന്ധപ്പെട്ട കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.

സെക്രട്ടറി
കേരള നിയമസഭ